(3) പ്ലാനിംഗ് വകുപ്പിന്റെ കീഴിലുള്ള സി.പി.എം. യൂണിറ്റ് തലത്തിൽ

(4) ഈ വർഷം മുതൽ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ നടത്തിവരുന്ന മോണിറ്ററിംഗ്.

ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ

*12 [11] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പും തുടർ വികസന പ്രക്രിയകളും ഇതുവരെ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇങ്ങനെ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് എന്തെങ്കിലും മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. ഒ. കുട്ടി അഹമ്മദ് കുട്ടി):*

(എ) & (ബി) പത്താം പദ്ധതിയുടെ ആരംഭത്തിൽ ത്രിതല പഞ്ചായത്തുകൾ വഴിനടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പും തുടർ വികസനപ്രക്രിയകളും വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി രൂപീകരണസമയത്തും ഇത്തരം വിലയിരുത്തലുകൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് മാർഗരേഖ തയ്യാറാക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത്. ഇതിനുപുറമേ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി.), സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നീ 5 ഏജൻസികൾ വഴി കൺകറന്റ് ഇവാലുവേഷനും (Concurrent Evaluation) ഒരു വർഷം നടത്തിയിട്ടുണ്ട്.

(സി) സർക്കാർ - അർദ്ധസർക്കാർ ഏജൻസികളെയാണ് കൺകറന്റ് ഇവാലുവേഷന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly